**"ഭരണഭാഷ മാതൃഭാഷ"**

എ.ഡി(4)/462/2022

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്,
തിരുവനന്തപുരം, തീയതി: 06.03.2025

**സർക്കുലർ നം. 03/2025**

വിഷയം :- സഹകരണ വകുപ്പ് - ആഡിറ്റ് ഡയറക്ടറേറ്റ് - കംപ്ലയൻസ് രജിസ്റ്റർ സൂക്ഷിക്കുന്നത് - മാർഗ്ഗനിർദ്ദേശം - അനുബന്ധം-1 തിരുത്തൽ വരുത്തി സർക്കുലർ പരിഷ്കരിക്കുന്നത് സംബന്ധിച്ച്.

സൂചന :- DCA സർക്കുലർ നമ്പർ 02/2024.

ഓഡിറ്റ് ന്യൂനതകൾ സമയബന്ധിതമായി പരിഹരിക്കുന്നതിനു വേണ്ടി കംപ്ലയൻസ് രജിസ്റ്റർ സൂക്ഷിക്കുന്നത് സംബന്ധിച്ച് സൂചന സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് കഴിഞ്ഞാൽ സഹകരണ നിയമം ഭേദഗതി വകുപ്പ് 64(9) പ്രകാരം ഓഡിറ്റ് സർട്ടിഫിക്കറ്റിലെ ന്യൂനതകൾ പരിഹരിച്ച് ലഭ്യമാക്കണമെന്ന് കാണിച്ച് ബന്ധപ്പെട്ട താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർ/ജില്ലാ ജോയിന്റ് ഡയറക്ടർ/ഡയറക്ടറേറ്റ് നിശ്ചിത പ്രൊഫോർമയിൽ സംഘത്തിന് കത്ത് നൽകേണ്ടതാണ് എന്ന നിർദ്ദേശം സൂചന സർക്കുലർ പ്രകാരം പ്രൊഫോർമ സഹിതം പുറപ്പെടുവിച്ചിരുന്നു. ഈ കത്ത് ഓഡിറ്റ് സർട്ടിഫിക്കറ്റ്/memorandum സംഘത്തിന് ഇഷ്യൂ ചെയ്യുമ്പോൾ ആയതിന്റെ ഉപരിപത്രമായാണ് നൽകേണ്ടതെന്ന് ഇതിനാൽ വ്യക്തത വരുത്തുന്നു. പ്രസ്തുത പ്രൊഫോർമയിൽ ചുവടെ പറയുന്ന ഭേദഗതി വരുത്തി ഇതോടൊപ്പം ചേർക്കുന്നു.

**അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യുമ്പോൾ അതാത് റിപ്പോർട്ട് അംഗീകരിക്കുന്ന അധികാരി സംഘത്തിന് നൽകേണ്ട ഉപരിപത്രത്തിന്റെ മാതൃക**

To,

The President/Secretary
(Name of the Society)

സർ/മാഡം,

............................................................ (സംഘത്തിന്റെ പേര് ) ന്റെ .............. വർഷത്തെ ഓഡിറ്റ് സർട്ടിഫിക്കറ്റ്/memorandum അംഗീകരിച്ച് ഇതോടൊപ്പം കൈമാറുന്നു. ആയതിന്റെ ......... പേജ് മുതൽ ........ വരെയുള്ള പാർട്ട് എ/ പാർട്ട് ബി ന്യൂനതകൾ സഹകരണ നിയമം ഭേദഗതി വകുപ്പ് 64 (9) പ്രകാരം ന്യൂനതാ പരിഹരണം നടത്തി പൊതുയോഗത്തിൽ വച്ച് അംഗീകാരം നേടി 15 ദിവസത്തിനകം ഓരോ ന്യൂനതയുടേയും പരിഹരണം സംബന്ധിച്ച Action Taken Report ഈ ഓഫീസിൽ ബന്ധപ്പെട്ട രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

അസിസ്റ്റന്റ് ഡയറക്ടർ/
ജോയിന്റ് ഡയറക്ടർ/അഡീഷണൽ ഡയറക്ടർ

പകർപ്പ്:- ജില്ല ജോയിന്റ് രജിസ്ട്രാർ/സഹകരണ സംഘം രജിസ്ട്രാർ

സൂചന സർക്കുലറിലെ മറ്റ് എല്ലാ നിർദ്ദേശങ്ങളും മാറ്റങ്ങളില്ലാതെ നിലനിൽക്കുന്നതാണ്.

(ഒപ്പ്)
ഷെറിൻ. എം. എസ്, ഐ.എ.&.എ.എസ്.
ഡയറക്ടർ (സഹകരണ ഓഡിറ്റ്)

പകർപ്പ് :-

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
3. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും.
4. എല്ലാ ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർമാർക്കും.
5. എല്ലാ അപ്പക്സ് ഓഡിറ്റർമാർക്കും.
6. എല്ലാ കൺകറന്റ് ഓഡിറ്റർമാർക്കും.
7. എല്ലാ താലൂക്ക് അസിസ്റ്റന്റ് ഡയറക്ടർമാർക്കും ഓഡിറ്റർമാർക്കും(ജോയിന്റ് ഡയറക്ടർമാർ മുഖേന)
8. എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും ഇൻസ്പെക്ടർമാർക്കും(ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ മുഖേന)
9. സ്റ്റോക്ക് ഫയൽ.
10. വെബ് സൈറ്റ്.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി ഡയറക്ടർ.